കടലാക്രമണം തടയാൻ കടൽഭിത്തി നിർമ്മാണം

80 [1059] ശ്രീ. ജോണി നെല്ലൂർ:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി നേരിടുന്നതിന് സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദൂരത്തിൽ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും കടൽഭിത്തി നിർമ്മിക്കേണ്ടത് എത്ര ദൂരത്തിലെന്ന് വെളിപ്പെടുത്തുമോ;

(സി) കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ ഭിത്തി നിർമ്മിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 560 കി.മീ. നീളത്തിൽ കടൽത്തീരമുള്ളതിൽ കടലാക്രമണം രൂക്ഷമായ 478 കി.മീ. നീളത്തിൽ മാത്രമേ കടൽഭിത്തി നിർമ്മിക്കേണ്ടതുള്ളു. ഇതിൽ ഇതുവരെ 386 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്.

(ബി) 92 കി. മീ.

(സി) 2003-04-ൽ 11-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ കുപ്പക്കൽ എന്ന സ്ഥലത്ത് 580 മീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാൻ 76 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 500 മീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാൻ 89.5 ലക്ഷം രൂപക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്.

2004-05 വർഷത്തിൽ ചേർത്തല നിയോജകമണ്ഡലത്തിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 90 ലക്ഷം രൂപയ്ക്കും ഒറ്റമശ്ശേരിയിൽ 225 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 42 ലക്ഷം രൂപയ്ക്കും എറണാകുളം ജില്ലയിലെ ചെല്ലാനം ദ്വീപിൽ പുത്തൻ തോടിൽ ഗ്രോയിൻസ് നിർമ്മിക്കാൻ 24 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ അഴീക്കോടിനും ഏറിയാടിനും ഇടയ്ക്ക് 1120 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ 202.30 ലക്ഷം രൂപയുടെ കേന്ദ്ര സഹായ പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് കേന്ദ്രാനുമതി ലഭിച്ചത് 2004 മാർച്ചിൽ ആകയാൽ സാങ്കേതികാനുമതി നൽകി ജോലി തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ 52.06 കി. മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി കേന്ദ്രധനസഹായത്തിനായി ഒരു പ്രോജക്റ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിന് നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly